അനുസ്മരണം

# മരുഭൂമിയിൽമാത്രം ജീവിച്ചൊരാൾ

ഏത് സാംസ്കാരിക പരിസരങ്ങളിലുമുള്ള വേഷങ്ങൾ തനിക്കിണങ്ങുമെന്ന് ഉമർ ശരീഫ് തെളിയിച്ചു

ഡോ. എൻ. ഷംനാദ്

ഹോളിവുഡ് കീഴടക്കാനെത്തിയ ആദ്യ അറബ് നടൻ എന്ന ഖ്യാതിനേടിയ അതുല്യ പ്രതിഭയായിരുന്നു കഴിഞ്ഞയാഴ്ച കൈറോയിൽ നിര്യാതനായ ഈജിപ്ഷ്യൻ നടൻ ഉമർ ശരീഫ്. അറബ് വംശജരെ എണ്ണ പ്രഭുക്കളായോ ഭീകരവാദികളായോ മാത്രം ചിത്രീകരിക്കാറുള്ള ഹോളിവുഡ് ചലച്ചിത്രലോകത്തെ സകല ക്ലീഷേകളേയും തകർത്തെറിഞ്ഞ വേഷങ്ങൾ പകർന്നാടിയ ഉമർ, കിഴക്കും പടിഞ്ഞാറും തമ്മിൽ സ്ഥായിയായ ഒരു സാംസ്കാരിക വൈജാത്യവുമില്ല എന്നതിൻെറ ജീവിക്കുന്ന ഉദാഹരണമായിരുന്നു. ബോളിവുഡിൽനിന്ന് ഹോളിവുഡിലെത്തിയ ഇർഫാൻ ഖാനെപ്പോലുള്ള അഭിനേതാക്കളിൽനിന്ന് വ്യത്യസ്തമായി ഏത് സാംസ്കാരിക പരിസരങ്ങളിലുമുള്ള വേഷങ്ങൾ തനിക്കിണങ്ങുമെന്ന് ഉമറിൻെറ ചിത്രങ്ങൾ തെളിയിച്ചു. യൂസുഫ് ഷാഹീൻ, മുസ്തഫ അക്കാദ് തുടങ്ങിയവരെപോലെ അറബ്ലോകം ലോകസിനിമക്ക് നൽകിയ അമൂല്യസംഭാവനയായിരുന്നു ഉമർ ശരീഫ്.

ബ്രിട്ടീഷ് സംവിധായകൻ ഡേവിഡ് ലീൻ 1962 ജോർഡൻ മരുഭൂമിയിൽ ചിത്രീകരിച്ച ഇതിഹാസചിത്രം 'ലോറൻസ് ഓഫ് അറേബ്യ' ഉജ്ജ്വലമായ ചലച്ചിത്രാനുഭവമായിരുന്നു. മരുഭൂമിയിലെ കണ്ണഞ്ചിപ്പിക്കുന്ന വെയിലിൽ പൊട്ടുപോലെ പ്രത്യക്ഷപ്പെടുന്ന വസ്തു പതിയെ കാമറക്കുനേരെ വളർന്നുവരുകയും പിന്നെ ഒരു കൂറ്റൻ ഒട്ടകത്തിൻെറ പുറത്തേറിവരുന്ന ബദവി പോരാളിയായി ഉമർ ശരീഫ് മാറുന്നതുമായ വിസ്മയകാഴ്ചയായിരുന്നു ആ ചിത്രം സമ്മാനിച്ചത്. ഉമർ ശരീഫ് ലോകസിനിമയിൽ ക്ഷണനേരത്തിൽ വളർന്നതും ഇതുപോലെതന്നെയായിരുന്നു എന്നതാണ് രസകരമായ കാര്യം. ഒന്നാംലോക യുദ്ധത്തിനിടയിൽ ഓട്ടോമൻ സാമ്രാജ്യത്തിനെതിരെ മഹത്തായ അറബ് വിപ്ലവം നയിച്ച ശരീഫ് ഹുസൈൻ എന്ന അറേബ്യൻ ഗോത്രനായകൻെറ വേഷം ഈ ചിത്രത്തിലൂടെ അനശ്വരമാക്കിയ ഉമറിന് ആവർഷത്തെ ഏറ്റവും മികച്ച സഹനടനുള്ള ഓസ്കർ നോമിനേഷനും ഗോൾഡൻ ഗ്ലോബ് പുരസ്കാരവും ലഭിച്ചു.

ഡേവിഡ് ലീൻ 1965ൽ സംവിധാനം ചെയ്ത 'ഡോക്ടർ ഷിവാഗോ'യായിരുന്നു ഏറ്റവുംകൂടുതൽ നിരൂപകപ്രശംസ ലഭിച്ച ചിത്രം. റഷ്യയിൽ വിപ്ലവത്തിനിടയിൽപെട്ട് സകലതും നഷ്ടപ്പെട്ട ഡോക്ടറുടെ വേഷത്തിൽ അഭിനയത്തിൻെറ കാണാസീമകൾ കീഴടക്കിയ ഉമറിനെത്തേടി മികച്ച നടനുള്ള ഗോൾഡൻ ഗ്ലോബ് പുരസ്കാരം വീണ്ടുമെത്തി. ഉമർ ശരീഫെന്ന അഭിനേതാവിൻെറ കാര്യത്തിലെ ഏറ്റവുംവലിയ പ്രത്യേകത അദ്ദേഹം ചെയ്ത ഓരോവേഷങ്ങളും വ്യത്യസ്ത ഭൂഖണ്ഡങ്ങളെ പ്രതിനിധീകരിക്കുന്നതായിരുന്നു . എന്നതാണ് 'ദ നൈറ്റ് ഓഫ് ദ ജനറൻസി'ൽ (1967) ജർമൻ ഇൻറലിജൻസ് ഉദ്യോഗസ്ഥനായും 'ചെ' യിൽ (1960) ബൊളീവിയൻ പോരാളി ചെഗുവേരയായും 'ചെങ്കിസ്ഖാനി'ൽ (1965) മംഗോളിയൻ യോദ്ധാവയും അദ്ദേഹം മികച്ച അഭിനയം കാഴ്ചവെച്ചു.

അലക്സാണ്ട്രിയയിലെ ലെബനീസ് ക്രിസ്ത്യൻ കുടുംബത്തിൽ 1932ൽ ജനിച്ച (പിൽകാലത്ത് അദ്ദേഹം ഇസ്ലാം സ്വീകരിച്ചു) മിഷേൽ ദിമിത്രി ഷൽഹൂസ് സിനിമയിൽ അഭിനയിക്കാനായി തൻെറപേര് ഉമർ ശരീഫ് എന്നാക്കിമാറ്റി. 1954ൽ സുഹൃത്തുകൂടിയായ വിഖ്യാത ഈജിപ്ഷ്യൻ ചലച്ചിത്രകാരൻ യൂസുഫ് ഷാഹീൻ സംവിധാനം ചെയ്ത 'സിറാഉൻ ഫിൽവാദി' എന്ന അറബി സിനിമയിലൂടെ ചലചിത്രലോകത്തേക്കെത്തിയ ഉമർ ആ ചിത്രത്തിൽ കൂടെ അഭിനയിച്ച അറബ് അഭിനേത്രി ഫതീൻ ഹമാമയെ വിവാഹം കഴിച്ചു. എന്നാൽ ,'ലോറൻസ് ഓഫ് അറേബ്യ' യിലൂടെ ഹോളിവുഡിലെത്തിയതോടെ ആ ബന്ധം തകർന്നു. പ്രശസ്തിയുടെ കൊടുമുടികളിൽനിന്ന് ചൂതാട്ടത്തിൻെറ മരുഭൂമികളിൽ ഈ നടൻ പിന്നീട് അലഞ്ഞു. അവസാന ഈജിപ്ഷ്യൻ രാജാവായ ഫാറൂഖിനൊപ്പം ശീട്ടുകളിക്കുമായിരുന്നു തൻെറ മാതാവെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ലോകത്തിലെതന്നെ ഏറ്റവും മികച്ച ബ്രിഡ്ജ് കളിക്കാരനായി മാറിയ അദ്ദേഹം ഒരൊറ്റരാത്രിയിൽ മാത്രം ഏഴര ലക്ഷം പൗണ്ട് ചൂതാടി നശിപ്പിച്ചിട്ടുണ്ടത്രെ. അവസാനം എല്ലാം നഷ്ടപ്പെട്ട് ലണ്ടനിലും പാരിസിലും കൈറോയിലുമുള്ള ഹോട്ടൽ മുറികളെ മരുഭൂമികളാക്കി ജീവിക്കുകയായിരുന്നു ഈ അനശ്വരനടൻ മരണംവരെ .

ജോ ജോൺസ്റ്റൺ 2004ൽ സംവിധാനം ചെയ്ത 'ഹിഡൽഗോ' യിൽ മരുഭൂമിയുടെ സൗന്ദര്യം വീണ്ടുമൊരിക്കൽക്കൂടി പ്രേക്ഷകർ അനുഭവിച്ചറിഞ്ഞു. 3000 മൈൽ ദൈർഘ്യമുള്ള നജ്ദ് മരുഭൂമിയിലൂടെയുള്ള ഒരു അതിജീവനത്തിൻെറ കുതിരയോട്ട യജ്ഞം സംഘടിപ്പിക്കുന്ന 'റിയാദ് ശൈഖ്' എന്ന ബദവി കഥാപാത്രമായി ഉമർ ശരീഫ് തൻെറ പഴയകാലത്തെ ഓർമിപ്പിച്ചു. ഫ്രഞ്ച് ചിത്രമായ 'റോക് ദ കസബ'യാണ് (2013) അവസാനം പുറത്തിറങ്ങിയ ചിത്രം. ജീവിതത്തിലെന്നും പ്രിയപ്പെട്ടവളായിരുന്ന ഫതീൻ ഹമാമ ഈ വർഷമാദ്യം മരിച്ചതുപോലും അറിയാതെ മറവിരോഗത്തിൻെറ മരുഭൂമിയിൽ അലയുകയായിരുന്നു അവസാനകാലത്തെ ശരീഫ്. തൻെറ 'ദ എറ്റേണൽ മെയ്ൽ' എന്ന ആത്മകഥയിൽ അദ്ദേഹം ഇങ്ങനെ എഴുതി-'ഒരു ബദവിയായി അലഞ്ഞുതിരിയാൻ വിധിക്കപ്പെട്ടവനായിരുന്നു ഞാനെന്നും'. ●





ഉമർ ശരിഫ് 'ലോറൻസ് ഓഫ് അറേബ്യ'യിൽ

ഉമർ ശരീഫ് (1932-2015)